(വയനാട് ജില്ലയിൽ കൈത്തറി സഹകരണ സംഘങ്ങൾ ഇല്ല).

(സി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കൊടുത്തുതീർക്കുന്നതാണ്.

(ഡി) ഉണ്ട്. അതുകൊണ്ടാണ് 1998-99 വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതലായി 5 കോടിയിൽപ്പരം രൂപകൂടി വിതരണം ചെയ്തത്.

21 (*328) വില്ലേജ് അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകളുടെ രൂപീകരണം

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്ത് ഭരണസമിതികളുടെ ഭരണകാലയളവിൽ മാറ്റങ്ങൾ വരുത്തുവാൻ നിയമപരമായി കഴിയാത്തതിനാൽ അടുത്ത തെരഞ്ഞെടുപ്പ് മുതൽ നടപ്പിലാക്കാവുന്ന രീതിയിൽ വില്ലേജ് അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തുകൾ രൂപീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) വേങ്ങര, മൂന്നാർ തുടങ്ങിയ നൂറോളം ഗ്രാമപഞ്ചായത്തുകൾ വൻ വിസ്തൃതിമൂലം ഭരണപരമായ പ്രയാസങ്ങൾ അനുഭവിക്കുന്നത് കണക്കിലെടുത്ത് വില്ലേജടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുവാൻ നടപടികൾ ഊർജ്ജിതപ്പെടുത്തുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) :

(എ)&(ബി) വില്ലേജ് അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തുകൾ രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

22 (*329) വോട്ടർപട്ടിക പുതുക്കൽ

ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള ത്രിതല പഞ്ചായത്തുകളിലെ ഭരണസമിതികളുടെ കാലാവധി തീരുന്നതിനുമുൻപ് വോട്ടർപട്ടിക പുതുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) വാർഡുകൾ പുനർനിർണ്ണയം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) നിലവിലുള്ള വാർഡുകളുടെ രൂപീകരണത്തിലും റിസർവേഷൻ വാർഡുകൾ നിശ്ചയിച്ചതിലും നിരവധി ക്രമക്കേടുകൾ സംഭവിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം ക്രമക്കേടുകൾ വരാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) വാർഡ് വിഭജനത്തിന് ഒരു വാർഡിൽ ഉണ്ടാകാവുന്ന പരമാവധി വോട്ടർമാർ എത്രയാണെന്നും ഒരു ഗ്രാമപഞ്ചായത്തിൽ പരമാവധി വാർഡുകൾ എത്രയാണെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly